*നം.ഇ.എക്സ്.എച്ച്3/16248/2021/സി.ജി.ഇ*

*പരീക്ഷാകമ്മിഷണറുടെ കാര്യാലയം*
*പരീക്ഷാഭവൻ, പൂജപ്പുര*
*തിരുവനന്തപുരം- 12*
*തീയതി: 20/04/2021*

# വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം - പരീക്ഷാഭവൻ - നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ് **(NTEC)** പരീക്ഷ **2021** - സംബന്ധിച്ച്-

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/08/2020-ലെ $NS_4$/10240/2020/DGE നമ്പർ വിജ്ഞാപനം.

********

2021 വർഷത്തിലെ നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ് (2019-2021) രണ്ടാം വർഷത്തെ പരീക്ഷ (റഗുലർ, സപ്ലിമെന്ററി), ഒന്നാം വർഷ സപ്ലിമെന്ററി പരീക്ഷ എന്നിവ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സൂചന പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കാർ പ്രീ-പ്രൈമറി-യിലോ, സർക്കാർ അംഗീകാരമുള്ള പ്രീ-പ്രൈമറിയിലോ അഡ്മിഷൻ നേടിയ വിദ്യാർത്ഥി-കൾക്ക് മാത്രമേ പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. എഴുത്ത് പരീക്ഷയും, നിരന്തര മൂല്യ നിർണ്ണയവും രണ്ടാം വർഷത്തെ വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതാണ്.

## രണ്ടാം വർഷ പരീക്ഷ

2020 മാർച്ചിൽ നടത്തിയ നഴ്സറി ടീച്ചർ ഒന്നാം വർഷ പരീക്ഷയിൽ പങ്കെടുത്തവർക്ക് മാത്രമേ രണ്ടാം വർഷ പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. കൂടാതെ റഗുലർ ആയി പഠിച്ചവരും നിശ്ചിത ഹാജർ അക്കാദമിക് വർഷത്തിൽ ഉള്ളവരും ആയിരിക്കണം. 2019-2021 വർഷത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനത്തിനടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവരും ആയിരിക്കണം. 2020 മാർച്ചിൽ പരീക്ഷ എഴുതി വിജയിക്കാത്തവർക്ക് വിജയിക്കാത്ത വിഷയം പരീക്ഷ എഴുതാവുന്നതാണ്. ഇപ്രകാരം പരീക്ഷ എഴുതുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. (Annexure-1)

## രണ്ടാം വർഷ പരീക്ഷയുടെ വിഷയം, സമയ ദൈർഘ്യം, സ്കോർ എന്നിവ ചുവടെ ചേർക്കുന്നു.

| Paper | Subjects | Duration in Hours | Maximum Score | |
|---|---|---|---|---|
| | | | Written Examination | C.E |
| IV | Child Development and Psychology Paperþ II | 2½ | 100 | 12 |
| V | Child Development and Curriculum | 2½ | 100 | 12 |
| VI | Child Activities and Methods | 2½ | 100 | 24 |

എഴുത്ത് പരീക്ഷയ്ക്കും നിരന്തര മൂല്യ നിർണ്ണയത്തിനും പാസ്സാകുന്നതിനായി 'സി' ഗ്രേഡ് ലഭിച്ചിരിക്കണം. ***ഏതെങ്കിലും കാരണവശാൽ പഠിക്കുന്ന അക്കാദമിക് വർഷം നടത്തുന്ന പരീക്ഷയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ വന്നാൽ അടുത്ത വർഷത്തെ പരീക്ഷയിൽ പങ്കെടുക്കണമെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവോടുകൂടി മാത്രമേ പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.***

## ഒന്നാം വർഷ സപ്ലിമെന്ററി പരീക്ഷ

രണ്ടാം വർഷ പരീക്ഷയോടൊപ്പം ഒന്നാം വർഷം പാസ്സാകാത്ത വിഷയങ്ങൾക്ക് സപ്ലിമെന്ററി പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം പരീക്ഷ എഴുതുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. (Annexure-1).

ഒന്നാം വർഷ പരീക്ഷയുടെ വിഷയം, സമയ ദൈർഘ്യം, സ്കോർ എന്നിവ ചുവടെ ചേർക്കുന്നു.

| Paper | Subjects | Duration in Hours | Maximum Score | |
|---|---|---|---|---|
| | | | Written Examination | C.E |
| I | Philosophical & Sociology Foundation of Early Childhood Education | 2½ | 100 | 12 |
| II | Child Development and Psychology Part- I | 2½ | 100 | 12 |
| III | Child Development & Health | 2½ | 100 | 12 |

**കോവിഡ്- 19-ന്റെ പശ്ചാത്തലത്തിൽ പരീക്ഷാ തീയതി വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്നതല്ല. പരീക്ഷയ്ക്ക് 20 ദിവസം മുൻപ് പരീക്ഷാ തീയതി പ്രഖ്യാപിക്കുന്നതാണ്.**

**പരീക്ഷയ്ക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്ന വിധം**

വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈനായിട്ടാണ് ചെയ്യേണ്ടത്. www.ntecexam.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കൂൾ ലോഗിനി -ലൂടെയാണ് നിർവഹിക്കേണ്ടത്. സ്കൂൾ ലോഗിനിലെ PRE-EXAMINATION EVENTS ലെ EXAM REGISTRATION എന്ന സബ് മെനുവിലെ REGULAR എന്ന ലിങ്കിലൂടെയാണ് പരീക്ഷ എഴുതാൻ അർഹരായ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തേണ്ടത്.

Attendance Entry നടത്തണം. Attendance Condonation ലഭിച്ചിട്ടുള്ളവരുണ്ടെങ്കിൽ പ്രസ്തുത ഓർഡറിന്റെ വിവരങ്ങൾ രേഖപ്പെടുത്തി Continue ബട്ടൺ ക്ലിക്ക് ചെയ്താൽ പരീക്ഷയുടെ തിയറി പേപ്പറിന്റെയും സി.ഇ. പേപ്പറുകളുടെയും വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ടി വിവരങ്ങൾ പരിശോധിച്ച് Apply Exam ബട്ടൺ ക്ലിക്ക് ചെയ്യണം.

ഇത്തരത്തിൽ അപേക്ഷിച്ചശേഷം Verify Subjects എന്ന ലിങ്കിലൂടെ ഓരോ വിദ്യാർത്ഥിയുടെയും രജിസ്റ്റർ നമ്പർ നൽകി പരീക്ഷ എഴുതുന്ന പേപ്പറുകൾ വെരിഫിക്കേഷൻ നടത്തണം. ആയതിലേക്ക് Verify all Subjects എന്ന ബട്ടൺ ക്ലിക്ക് ചെയ്യണം.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ EXAM REGISTRATION സബ് മെനുവിലെ PRIVATE REGISTRATION എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യണം.

## പരീക്ഷാഫീസ് ഘടന ചുവടെ ചേർക്കുന്നു.

| നമ്പർ | പരീക്ഷാഫീസ് | വർഷം | തുക | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|
| 1 | എല്ലാ പരീക്ഷയും | രണ്ടാം വർഷം | 50 | 0202-01-102-99 Examination |
| 2 | ഒരു പരീക്ഷയ്ക്ക് | രണ്ടാം വർഷം | 15 | |
| 3 | മാർക്ക് ലിസ്റ്റ് | രണ്ടാം വർഷം | 40 | 0202-01-102-92 other receipts |
| 4 | ഫൈനോടുകൂടി | രണ്ടാം വർഷം | 10 | 0202-01-102-92 other receipts |

(എ) പരീക്ഷാഫീസ് മേൽ സൂചിപ്പിച്ചിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ ഏതെങ്കിലും ട്രഷറിയിൽ അടച്ച് ആയതിന്റെ അസ്സൽ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

(ബി) ഫീസ് അടച്ചു കഴിഞ്ഞാൽ ഈ തുക തിരികെ നൽകുകയോ മറ്റ് ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യുന്നതല്ല.

(സി) രണ്ടാം വർഷത്തെ പരീക്ഷകൾ ആദ്യമായി എഴുതുന്നതിന് പട്ടിക ജാതി, പട്ടിക-വർഗ്ഗക്കാർ, മറ്റ് അർഹരായ ജാതിക്കാർ എന്നിവർക്ക് പരീക്ഷാഫീസ് അടയ്ക്കേണ്ട ആവശ്യമില്ല.

(ഡി) റഗുലർ/പ്രൈവറ്റ് വിദ്യാർത്ഥികൾ പരീക്ഷാഫീസ്/മാർക്കിലിസ്റ്റിന്റെ ഫീസ് എന്നിവ അടയ്ക്കേണ്ടത് പഠിച്ച സ്ഥാപനത്തിന്റെ തലവന്റെ പേരിലാണ്. വിദ്യാർത്ഥികൾ സ്വന്തം പേരിൽ പരീക്ഷാഫീസ് അടയ്ക്കുവാൻ പാടില്ല. ഇത്തരം ചെല്ലാനുകൾ സ്വീകരിക്കുന്നതല്ല.

**<u>ലിസ്റ്റ് തയ്യാറാക്കുന്ന വിധം</u>**

ഒന്നാം വർഷ (സപ്ലിമെന്ററി), രണ്ടാം വർഷ (റഗുലർ, സപ്ലിമെന്ററി), രണ്ടാം വർഷ റഗുലർ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ലിസ്റ്റ് ഓൺലൈനായി പരീക്ഷാ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് Exam Registered Report -ലൂടെ പ്രിന്റ് എടുക്കാവുന്നതാണ്.

**<u>നിരന്തര മൂല്യ നിർണ്ണയത്തിന്റെ മാർക്ക്</u>**

നിരന്തര മൂല്യ നിർണ്ണയത്തിന്റെ മാർക്ക് **10.05.2021** നു മുൻപായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും നിർദ്ദിഷ്ട തീയതിക്കുള്ളിൽ ഓൺലൈനായി C.E. Mark Entry എന്ന ലിങ്കിലൂടെ രേഖപ്പെടുത്തുകയും വേണം.

## <u>പ്രാക്ടിക്കൽ പരീക്ഷ</u>

പ്രാക്ടിക്കൽ പരീക്ഷ യെ സംബന്ധിച്ച വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

## <u>അഡ്മിഷൻ ടിക്കറ്റ്</u>

രണ്ടാം വർഷ (റഗുലർ, സപ്ലിമെന്ററി), ഒന്നാം വർഷ (സപ്ലിമെന്ററി) വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റ് സ്കൂൾ ലോഗിനിൽ ലഭിക്കുന്നതാണ്.

**Note:-** ***ഓൺലൈൻ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.***

## പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷാർത്ഥികൾ അപേക്ഷാഫാറം ശ്രദ്ധാപൂർവം വായിച്ച് ശരിയായ രീതിയിൽ പൂരിപ്പിച്ച് പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതാണ്.
2. പകർച്ചവ്യാധി ഉള്ള പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.
3. പരീക്ഷാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിന് 15 മിനിട്ട് മുൻപായി പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്.
4. പരീക്ഷ തുടങ്ങി അര മണിക്കൂറിന് ശേഷം വരുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.
5. പരീക്ഷാ സമയം കഴിയുന്നതിനു മുൻപ് ആരേയും പരീക്ഷാഹാൾ വിട്ട് പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
6. പരീക്ഷ എഴുതി വിജയിച്ച വിഷയം വീണ്ടും പരീക്ഷയെഴുതി മെച്ചപ്പെടുത്താൻ അനുവദിക്കുന്നതല്ല.

## പരീക്ഷയിൽ കൃത്രിമം കാണിക്കൽ

മറ്റ് പരീക്ഷാർത്ഥികളിൽ നിന്നും നോക്കി എഴുതുക, നോക്കി എഴുതാൻ അനുവദിക്കുക, എഴുതിയതോ പ്രിന്റ് ചെയ്തതോ ആയ രേഖകൾ പരീക്ഷാഹാളിൽ കൈവശം വയ്ക്കുക, മറ്റ് പരീക്ഷാർത്ഥികളുമായി ചർച്ച ചെയ്ത് എഴുതുക, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടുകൂടി പരീക്ഷ എഴുതുക എന്നിവ പരീക്ഷയിൽ കൃത്രിമം കാണിക്കലാണ്. ഇത്തരക്കാരെ ഉടൻതന്നെ പരീക്ഷാഹാളിൽ നിന്ന് പുറത്താക്കുകയും ഉന്നത ഉദ്യോഗസ്ഥരെ വിവരം അറിയിക്കുകയും, അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധന

പരീക്ഷാകേന്ദ്രം മാർക്ക് ലിസ്റ്റ് കൈപ്പറ്റി 10 ദിവസത്തിനകം സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷാഫാറം "0202-01-102-92 other receipts" അടച്ച 25/- രൂപ യുടെ ചെലാൻ സഹിതം പരീക്ഷാ സെക്രട്ടറിക്ക് അടയ്ക്കേണ്ടതാണ്. (Annexure – IV)

## പ്രധാന വിവരങ്ങൾ

| | | |
|---|---|---|
| 1 | ഓൺലൈൻ അപേക്ഷ/പരീക്ഷാ ഫീസ്/മാർക്ക്‌ലിസ്റ്റിന്റെ ഫീസ് എന്നിവ ബന്ധപ്പെട്ട സ്ഥാപനത്തിൽ ഏൽപ്പിക്കേണ്ട അവസാന തീയതി | 30/04/2021 |
| 2 | പരീക്ഷാഫീസ്/ മാർക്ക് ലിസ്റ്റിന്റെ ഫീസ് അടയ്ക്കേണ്ട അവസാന തീയതി | 04.05.2021 |
| 3 | പരീക്ഷാഫീസ്/ മാർക്ക് ലിസ്റ്റിന്റെ ഫീസ് ഫൈനോടുകൂടി അടയ്ക്കേണ്ട അവസാന തീയതി | 07.05.2021 |
| 4 | ബന്ധപ്പെട്ട രേഖകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 10.05.2021 |
| 5 | വിദ്യാഭ്യാസ ഉപഡയറക്ടർ ബന്ധപ്പെട്ട രേഖകൾ പരീക്ഷാ സെക്രട്ടറിക്കും, പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനും കൈമാറാനുള്ള അവസാന തീയതി | 12.05.2021 |
| 6 | ഹാൾടിക്കറ്റ് ചീഫ് സൂപ്രണ്ട് പരീക്ഷാർത്ഥികൾക്ക് നൽകേണ്ട തീയതി | ………… |

### കോവിഡ്-19 നിർദ്ദേശങ്ങൾ:

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ പരീക്ഷാ കേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പു-വരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും ക്വാറന്റയിനിലുള്ളവരെയും കണ്ടെയിൻമെന്റ് സോണിൽ നിന്നും വരുന്നവരെയും തെർമൽ സ്കാനറിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും മറ്റു അസുഖ ലക്ഷണം കാണിക്കുന്നവരെയും

പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നടത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

**പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.**

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

## അനുബന്ധം – 1

# NURSERY TEACHER EDUCATION COURSE

### പരീക്ഷാ രജിസ്ട്രേഷൻ ഓൺലൈൻ പ്രവർത്തനങ്ങൾ : നിർദ്ദേശങ്ങൾ

### (വെബ് സൈറ്റ് : www.ntecexam.kerala.gov.in)

### 1. രണ്ടാം വർഷ പരീക്ഷാ രജിസ്ട്രേഷൻ

PPTTI ലോഗിനിലെ PRE-EXAM EVENTS മെനുവിന്റെ സബ്മെനുവായ Exam Registration - ൽ നിന്നും RegularRegistration എന്ന സബ്മെനുവിലൂടെയാണ് പരീക്ഷ രജിസ്ട്രേഷൻ ചെയ്യേണ്ടത്. രണ്ടാം വർഷത്തിൽ യോഗ്യരായ വിദ്യാർത്ഥികളെയാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടത്. Regular Registration മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ പഠനവർഷം സെലക്ട് ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നതാണ്. പഠനവർഷം സെലക്ട് ചെയ്ത് രജിസ്റ്റർ നമ്പർ നൽകുമ്പോൾ വിദ്യാർത്ഥിയുടെ പേരും, അഡ്മിഷൻ നമ്പറും, ജനനതീയതിയും, പഠന വർഷവും ദൃശ്യമാകുന്നതാണ്. വിദ്യാർത്ഥിയെ ഉറപ്പാക്കിയശേഷം Attendance Entry നടത്തേണ്ടതാണ്. ആകെ പഠന ദിവസങ്ങളും, ആകെ ഹാജരായ ദിവസങ്ങളും നൽകി OK ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ 'ഹാജർ ശതമാനം' കാണിക്കുന്നതാണ്. നിശ്ചിത ശതമാനം ഹാജരായുള്ള പക്ഷം Continue ചെയ്യണം. ഹാജർ കുറവ് കാണിക്കുകയാണെങ്കിൽ Condonation Order ഉണ്ടെങ്കിൽ ഓർഡർ നമ്പർ, തീയതി എന്നീ വിവരങ്ങൾ നൽകി Continue ചെയ്യാവുന്നതാണ്. Continue ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത വിദ്യാർത്ഥിയുടെ Theory Papers ന്റെയും CE Papers ന്റെയും വിശദാംശങ്ങൾ കാണാവുന്നതാണ്. വിഷയങ്ങൾ പരിശോധിച്ച് Apply Exam ബട്ടൺ ക്ലിക്ക് ചെയ്യുക. എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷാ രജിസ്ട്രേഷൻ കഴിഞ്ഞശേഷം Exam Registration മെനുവിന്റെ അടുത്ത സബ്മെനുവായ Verify Subjects ലിങ്കിലൂടെ പഠനവർഷം, രജിസ്റ്റർ നമ്പർ എന്നിവ നൽകി അപേക്ഷിച്ച വിഷയങ്ങൾ ഒരിക്കൽ കൂടി പരിശോധിച്ച് ഉറപ്പാക്കി "Verify All Paper" എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വെരിഫിക്കേഷൻ പൂർത്തികരിക്കണം.

പ്രൈവറ്റ് രജിസ്ട്രേഷൻ 'Private Registration' എന്ന സബ് മെനുവിലൂടെ ചെയ്യണം.

രജിസ്ട്രേഷൻ, വെരിഫിക്കേഷൻ എന്നീ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കിയ പഠിതാക്കൾക്ക് മാത്രമേ പരീക്ഷാഹാൾടിക്കറ്റുകൾ ലഭ്യമാകുകയുള്ളു. തുടർന്ന് Attendance

Checklist ഉം Exam Registered Report ഉം പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. Exam Registered Report B1 റിപ്പോർട്ടിന് പകരമായി ഉപയോഗിക്കേണ്ടതാണ്.

## II. Activity Schedule

| | | |
|---|---|---|
| 1. Exam Registration & Verification | : | 10/05/2021 to 15/05/2021 |
| 2. Exam Verification Completion | : | Before 5 pm on 15/05/2021 |
| 3. CE Mark Entry (Institute) | : | 17/05/2021 to 26/05/2021 |
| 4. Hall Ticket Publication | : | will be announced later. |

## III. Help Desk

**സാങ്കേതിക സംശയ നിവാരണത്തിനായി പരീക്ഷാഭവനിൽ ബന്ധപ്പെടാവുന്നതാണ്.**

| | | |
|---|---|---|
| **Phone No** | **:** | **0471- 2546832, 833.** |
| **E Mail** | **:** | **ntechelpdesk@gmail.com** |

## ANNEXURE – I

## THE FIRST AND FINAL YEAR NURSERY TEACHER'S EDUCATION COURSE EXAMINATION – May 2021

## APPLICATION FORM
**(Private and Re-appearing Candidates Only)**

1. Name of Candidate :
2. Full address to which communications are to be sent :
3. Name of Centre :
4. Religion & Caste :
5. Sex :
6. Date of Birth :
7. Name of Parent/Guardian :
8. Period of Training :
9. Name of Training School :
10. Register Number and year of previous appearance, if any :
11. Language for the Subject :
12. Subject for which now appear :
13. Amount of fee remitted :

I hereby declare that the particulars furnished are correct and that I will abide by the rules now in force or those to be brought into effect here after in respect of the examination.

Date:
Place:

Signature of the Candidate.

Certified that the entries made in the application have been verified with the school records and found correct.

Place:

Name & Signature of the head of Training School.

*(School Seal)*

*(Identification certificate should be submitted along by Private Candidates along with the application)*

**ANNEXURE – II**

**GENERAL EDUCATION DEPARTMENT**

**THE FIRST AND FINAL YEAR NURSERY TEACHERS' EDUCATION COURSE EXAMINATION – May 2021**

**Identification Certificate**
**(Regular Candidates)**

| |
|---|
| Passport Size Photo |

Attesting Officer (Head of Institution) should sign across the Photograph

1. Name of Candidate :

2. Address :

3. Name, designation and officer of the attesting officer :

4. Signature of the Candidate :
   (To be signed in the presence of the Identifying Officer)

I ........................................................................... hereby attest the signature and photograph of Sri/Smt........................................................................... who is a candidate for the Nursery Teachers' Education Course Examination – **May 2021**.

Signature of the attesting Officer
(Head of Institution)

Place:
Date:

*(Office Seal)*

**ANNEXURE – II**

**GENERAL EDUCATION DEPARTMENT**

**THE FIRST AND FINAL YEAR NURSERY TEAHERS' EDUCATION COURSE EXAMINATION – MAY 2021**

**Identification Certificate**
**(Private Candidates)**

| Passport Size Photo |
|---|

Attesting Officer (Head of Institution) should given across the photograph

1. Name of Candidate :

2. Address :

3. Name, .designation and office of the attesting Officer :

4. Signature of the Candidate :
   (To be signed in the presence of the Identifying Officer)

I ......................................................................................... hereby attest the signature and photograph of Sri./Smt .......................................................................................... who is a candidate for the Nursery Teachers' Education Course Examination – **May 2021**.

Signature of the attesting officer
(Head of Institution)

Place:
Date:

*(Office Seal)*

**ANNEXURE – III**

**NURSERY TEACHERS' EDUCATION COURSE CERTIFICATE EXAMINATION**
**FIRST/FINAL YEAR – MAY 2021**

**ADMISSION TICKET**

Register Number. [ ]

Passport Size Photo

1. Name of Centre :
2. Name of Institution :
3. Name of Candidate :
4. Name of Subjects appearing :

Signature of the Candidate

Signature
Name & Designation of
Chief Superintendent.

*(Office Seal)*

**Instructions to the Candidates**

1. Candidates must be in possession of their admission ticket when they are writing the examination.
2. Candidates should scrutinize the entries made their admission ticket, point out mistakes if any and get it rectified.
3. They must enter the name of examination, year and month of examination, Reg. No. and the name of the subject, only on the facing sheet of their answer sheet.
4. Candidates who arrive more than 30 minutes late for the examination will not be admitted and no candidate will be allowed to leave the hall before the closing of the examination.

| Date | Day | Time | Subject |
|---|---|---|---|
| | | | **Paper VI**<br>Child Activities and Methods |
| | | | **Paper V**<br>Child Development and Curriculum |
| | | | **Paper IV**<br>Child Development and Psychology (Part II) |
| | | | **Paper III**<br>Child Development and Health |
| | | | **Paper II**<br>Child Development and Psychology |
| | | | **Paper I**<br>Philosophical and Sociological foundations of early Childhood Education |

N.B:- First fifteen minutes of the examination will be "cool off time". Indian standard time will be followed. The above timetable will strictly be followed and the examination will not under any circumstances be postponed without the orders of the Secretary to the Commissioner for Govt. Examinations though any day of the Examination is declared as holiday.

...........................

**ANNEXURE – IV**

**THE FIRST AND FNAL YEAR NURSERY TEACHERS' EDUCATION COURSE EXAMINATION – MAY 2021**

**APPLICATION FOR SCRUTINY OF VALUED ANSWER SCRIPTS**

1. Name of Candidate :
2. Register Number :
3. Full address to which communications are to be sent :
4. Name of Centre :
5. Details of papers applied for Scrutiny may be finished below.

| Sl.No | Name of Paper | Mark secured |
|---|---|---|
| 1 | | |
| 2 | | |
| 3 | | |

6. Name of PPTTI :
7. Amount of fee remitted :

Place:
Date: Signature of the Candidate

Certified that the entries made in the application have been verified with the Institute records and found correct.

Place:
Date:
Name & Signature of the head of PPTTI

(Seal)